**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3743** | **11.11.2019 - ൽ മറുപടിയ്ക്ക്**

## വിദേശ രാജ്യങ്ങളിലേക്കുള്ള ആഭ്യന്തര അറ്റസ്റ്റേഷൻ സേവനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) വിദേശരാജ്യങ്ങളിലേക്കുള്ള ആഭ്യന്തര അറ്റസ്റ്റേഷൻ സേവനങ്ങൾ ഇ-നോർക്ക റൂട്ട്സ് ഓഫീസ് വഴി നടത്തിയാൽ മതിയെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ; | എ) 3/09/2019-ലെ സ.ഉ.(സാധാ) നം.139/2019/ആഭ്യന്തരം ഉത്തരവ് പ്രകാരം വിദേശ രാജ്യങ്ങളിൽ സമർപ്പിക്കുവാനുള്ള കേരളത്തിൽ നിന്നുള്ള വിദ്യാഭ്യാസേതര സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി അപേക്ഷകൾ സ്വീകരിക്കുന്നതിനും, അത് ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പിൽ എത്തിച്ച് സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്ത് അപേക്ഷകർക്ക് തിരികെ ലഭ്യമാക്കുന്നതിനുമുള്ള നോഡൽ ഏജൻസിയായി നോർക്കാ റൂട്ട്സിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി നോർക്കയുടെ റീജിയണൽ ഓഫീസുകൾ വഴി മാത്രമാണോ നടപ്പാക്കുന്നത്; ആയതിന് ജില്ലാ ഓഫീസുകൾ നിലവിലുണ്ടോ; | ബി) ഈ പദ്ധതി നിലവിൽ നോർക്കയുടെ റീജിയണൽ ഓഫീസുകൾ വഴി മാത്രമാണ് നടപ്പാക്കുന്നത്. |
| സി) അറ്റസ്റ്റേഷൻ നടപടികൾക്ക് സർട്ടിഫിക്കറ്റുകൾ ഒന്നിച്ച് കളക്ടുചെയ്ത് തിരുവനന്തപുരത്ത് എത്തിക്കുകയാണോ ചെയ്യുന്നത്; അതോ ഇതിനായി പ്രത്യേക ഉദ്യോഗസ്ഥരെ ഓഫീസുകളിൽ നിയമിച്ചിട്ടുണ്ടോ; ആയതിന്റെ വിശദവിവരം അറിയിക്കാമോ; | സി) നോർക്ക റൂട്ട്സിന്റെ മേഖലാ ഓഫീസുകളിൽ സ്വീകരിക്കുന്ന സർട്ടിഫിക്കറ്റുകൾ തിരുവനന്തപുരത്ത് എത്തിച്ച് തിരുവനന്തപുരം മേഖലാ ഓഫീസ് വഴിയാണ് ആഭ്യന്തര അറ്റസ്റ്റേഷൻ ചെയ്യുന്നത്. ഇതിനായി പ്രത്യേക ഉദ്യോഗസ്ഥരെ ഓഫീസുകളിൽ നിയമിച്ചിട്ടില്ല. |

| | |
|---|---|
| ഡി) തിരുവനന്തപുരത്ത് ആഭ്യന്തരവകുപ്പിൽ അറ്റസ്റ്റേഷൻ അപേക്ഷകൾ സ്വീകരിക്കാത്ത അവസ്ഥ നിലനിൽക്കുന്നുണ്ടോ എന്നറിയിക്കാമോ; വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ ഏതു രീതിയിലാണ് അറ്റസ്റ്റേഷൻ നടത്തുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | ഡി) ഇല്ല. വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ നിലവിൽ നോർക്കാ റൂട്ട്സ് ആണ് അറ്റസ്റ്റേഷൻ നടത്തി നൽകുന്നത്. |
| ഇ) സർട്ടിഫിക്കറ്റുകളുടെ ആഭ്യന്തര അറ്റസ്റ്റേഷനെ സംബന്ധിച്ച് പുതിയ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ? | ഇ) ഇല്ല. |

**സെക്ഷൻ ഓഫീസർ**